പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: * 233

14.02.2013 ൽ മറുപടിയ്ക്ക്

## പരിശീലനം ലഭിച്ച ടൂറിസ്റ്റ് ഗൈഡുകൾ

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്

(എ) വിനോദ സഞ്ചാര മേഖലകളിൽ പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദീകരിക്കുമോ;

(സി) ടൂറിസം മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഗൈഡുകൾക്ക് നിലവിൽ എവിടെയൊക്കെയാണ് പരിശീലനം നൽകി വന്നിട്ടുള്ളത്;

**ഉത്തരം**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) & (ബി) ടൂറിസ്റ്റ് ഗൈഡുകളുടെ പ്രധാന പ്രവർത്തനം സംസ്ഥാനത്ത് വരുന്ന ടൂറിസ്റ്റുകൾക്ക് നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും, ചരിത്രം, സംസ്കാരം എന്നിവയെക്കുറിച്ചും ആവശ്യമായ വിവരം ലഭ്യമാക്കുക എന്നുള്ളതാണ്. ഇത്തരത്തിൽ സേവനം നടത്തുന്ന ഗൈഡുകൾക്ക് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമായ തൊഴിൽ സൗകര്യങ്ങൾ ടൂറിസ്റ്റ് സീസണിൽ ലഭ്യമാണ്. ടൂറിസം ട്രേഡിനോടും ഇവരുടെ സേവനം ലഭ്യമാക്കുന്നതിന് നിഷ്കർഷിക്കാറുണ്ട്.

(സി) കേരള സർക്കാരിന്റെ ടൂറിസം വകുപ്പിന്റെ 25.1.2011-ലെ G.O(Rt) No. 645/2011/TSM എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് ലോക്കൽ ലെവൽ ഗൈഡുകൾക്ക് കിറ്റ്സിന്റെ വിവിധ സെന്ററുകളിൽ പരിശീലനം നൽകി വരുന്നത്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർ ടൂറിസം വകുപ്പിൽ നിന്നും ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ

സ്വമേധയാ ഗൈഡുകൾ ആയി പ്രവർത്തിക്കുകയാണ്. കൊച്ചിൻ കോർപ്പറേഷന്റെ അപേക്ഷ പ്രകാരം തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് ഗൈഡ് ട്രെയിനിംഗ് കോഴ്സ് നൽകിയിട്ടുണ്ട്. ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിംഗ് കോഴ്സിൽ ഇതുവരെ 86 പേർക്ക് പരിശീലനം നൽകി ലൈസൻസ് നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ ഗൈഡ് ട്രെയിനിംഗ് കോഴ്സ് വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 15 പേർക്ക് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അംഗീകാരത്തോടെ ലൈസൻസ് നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. ഇതിനുപരി 2013 ഫെബ്രുവരി 5-ൽ അവസാനിച്ച ആഴ്ചയിൽ കൊച്ചിൻ കോർപ്പറേഷൻ സ്പോൺസർ ചെയ്ത 19 പേരുൾപ്പെടെ 22 പേർക്ക് ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ സ്വദേശീയരും, വിദേശീയരുമായ ടൂറിസ്റ്റുകൾക്കായി പ്രത്യേക ഗ്രാമീണ ടൂറിസം പാക്കേജുകൾക്ക് രൂപം നൽകുന്നുണ്ട്. ഇവ പരിചയപ്പെടുത്തുന്നതിന് യുവതീയുവാക്കൾക്ക് സൗജന്യ പരിശീലനവും നടത്തുന്നു. കോവളം, കുമരകം, വയനാട് എന്നീ പ്രദേശങ്ങളിൽ ഈ പ്രത്യേക പാക്കേജുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതിയിലും

ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിംഗ് പൂർത്തീകരിച്ചവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ഇവരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം സംബന്ധിച്ച് കേന്ദ്ര ടൂറിസം വകുപ്പ് മാർഗ്ഗരേഖ തയ്യാറാക്കി വരികയാണ്. ഇത് പ്രകാരം ടൂറിസ്റ്റുകളെ ഗൈഡ് ചെയ്യുന്ന ജോലി മാത്രമാണ് ഇവർക്ക് നിഷ്കർഷിച്ചിട്ടുള്ളത്. ഈ ജോലിക്കായി ഇവർ സ്വകാര്യ ടൂറിസം ട്രേഡിനെയാണ് ആശ്രയിക്കുന്നത്.

സെക്ഷൻ ഓഫീസർ